# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 749 — 03.12.2014 -ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളും സ്വകാര്യ ലാബോറട്ടറികളും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ ലാബോറട്ടറികളുടെയും പ്രവർത്തനരീതി പരിശോധിക്കുന്നതിന് സർക്കാർ തലത്തിൽ സംവിധാനമുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (എ) (ബി) (സി) | ആരോഗ്യവകുപ്പിന് സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ ലാബോറട്ടറികളുടെയും മേൽ നിയന്ത്രണമില്ല. സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, നഴ്സിംഗ് ഹോമുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം തുടങ്ങിയവയ്ക്കു വേണ്ടി 'ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' സജീവ പരിഗണനയിൽ ഉണ്ട്. കരട് ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമ നിർമ്മാണം പൂർത്തിയായിട്ടില്ല. |
| (ബി) | ഇത്തരം സ്ഥാപനങ്ങൾക്കുള്ള പെരുമാറ്റ ചട്ടം കാലോചിതമായി പരിഷ്കരിക്കാറുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ; | | |
| (സി) | ഏത് ഏജൻസിയാണ് പ്രസ്തുത പരിശോധനകൾക്ക് മേൽനോട്ടം വഹിക്കുന്നത് ; വിശദാംശം നൽകുമോ ; | | |
| (ഡി) | പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും മെച്ചപ്പെട്ട സേവനം രോഗികൾക്ക് ലഭിക്കുന്നുണ്ടെന്ന് അധികൃതർ ഉറപ്പ് വരുത്താറുണ്ടോ ; | (ഡി) | സ്വകാര്യ ആശുപത്രികളിൽ നിന്നും ലാബോറട്ടറികളിൽ നിന്നും മെച്ചപ്പെട്ട സേവനം ഉറപ്പു വരുത്താനുള്ള അധികാരവും സംവിധാനവും നിലവിൽ ആരോഗ്യവകുപ്പിനില്ല. |
| (ഇ) | ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് ; വിശദവിവരം ലഭ്യമാക്കുമോ ? | (ഇ) | ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് നിലവിൽ സംവിധാനങ്ങൾ ഇല്ല. |

സെക്ഷൻ ഓഫീസർ